(ഇ) ട്രഷറി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. സമയബന്ധിതമായി പണിപൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും ചെയ്തുവരുന്നു.

(എഫ്) ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി (TIDP) നടപ്പിലാക്കുന്നതിനായി ട്രഷറി ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു പ്രോജക്ട് ടെക്നിക്കൽ കമ്മിറ്റി ഇതിനോടകം രൂപീകരിച്ചിട്ടുണ്ട്.

(ജി) സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

മണലൂർ സബ് ട്രഷറിക്കു കെട്ടിടം പണിതു നൽകുന്നതിനായുള്ള അനുമതി

179 (193) ശ്രീ. മുരളി പെരുനെല്ലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ മണലൂർ സബ് ട്രഷറിക്കു കെട്ടിടം പണിതു നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ചു സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

(സി) കെട്ടിട നിർമ്മാണത്തിന് അനുമതി നല്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) അടിയന്തരമായി അനുമതി നൽകുന്നതിനു നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

(ഡി) നിലവിലുള്ള കെട്ടിടത്തിൽ സ്ട്രോംഗ് റൂം ഒന്നാം നിലയിൽത്തന്നെ നിർമ്മിക്കുന്നതിനുള്ള സാധ്യത ആരായാൻ ഒരു ടെക്നിക്കൽ കമ്മിറ്റിയെ നിയോഗിക്കുകയും അവരുടെ വിദഗ്ദ്ധ ഉപദേശം ചീഫ് എഞ്ചിനീയർ PWD (ബിൽഡിംഗ്സ്) പരിശോധിച്ച് നൽകിയ റിപ്പോർട്ട് ട്രഷറി ഡയറക്ടർ 28-1-2011-ന് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചുവരുന്നു.

പാവറട്ടി കേന്ദ്രമാക്കി സബ് ട്രഷറി

180 (194) ശ്രീ. മുരളി പെരുനെല്ലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ പാവറട്ടി കേന്ദ്രമാക്കി സബ് ട്രഷറി ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) പാവറട്ടിയിൽ സബ് ട്രഷറി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

(സി) പരിശോധിക്കുന്നതാണ്.

തൃശ്ശൂർ മെഡിക്കൽ കോളേജ് കാമ്പസിനുള്ളിൽ സബ് ട്രഷറി ആരംഭിക്കുന്നതിന് നടപടി

181 (195) ശ്രീ. എ. സി. മൊയ്തീൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് കാമ്പസിനുള്ളിൽ 2 വർഷംമുമ്പ് അനുവദിച്ച സബ്ട്രഷറി ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ട്രഷറി ആരംഭിക്കാൻ നിലവിൽ എന്താണ് തടസ്സം എന്ന് വ്യക്തമാക്കുമോ ;

(സി) തടസ്സം മാറ്റി സമയബന്ധിതമായി ട്രഷറി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൃശ്ശൂർ മെഡിക്കൽ കോളേജ് സബ് ട്രഷറിക്ക് കെട്ടിടം ലഭ്യമാക്കുന്ന മുറയ്ക്ക് ട്രഷറി പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) ട്രഷറി പ്രവർത്തനത്തിന് അനുയോജ്യമായ കെട്ടിടം ലഭ്യമായാൽ മറ്റു നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തിയാക്കി ട്രഷറി പ്രവർത്തിച്ചു തുടങ്ങുന്നതാണ്.

കോതമംഗലം സബ് ട്രഷറിയുടെ നവീകരണം

182 (196) ശ്രീ. ടി. യു. കുരുവിള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം സബ് ട്രഷറിയുടെ നവീകരണ പ്രവർത്തനം സംബന്ധിച്ച് ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിരുന്നു. എങ്കിലും നാളിതുവരെ നവീകരണ പ്രവർത്തനം തുടങ്ങാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) നവീകരണ പ്രവർത്തനങ്ങൾ എന്നത്തേക്ക് തുടങ്ങാൻ സാധിക്കുമെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly